File No.CT/15318/2019-P2

# സംസ്ഥാന ചരക്ക്  സേവന നികുതി വകുപ്പ്

**ടാക്സ് ടവർ ,കരമന**

**കിള്ളിപ്പാലം, തിരുവനന്തപുരം**

**തീയതി :21/12/2021**

## പത്രക്കുറിപ്പ്

## 500 കോടിയുടെ അടയ്ക്കാ നികുതി വെട്ടിപ്പിലെ പ്രതി പിടിയിൽ

തിരുവനന്തപുരം: അടയ്ക്ക വ്യാപാരത്തിന്റെ മറവിൽ ഭീമമായ നികുതി വെട്ടിപ്പ് നടത്തിയ കേസിലെ പ്രധാന പ്രതി അറസ്റ്റിൽ. 500 കോടിയോളം രൂപയുടെ വ്യാജ ബില്ലുകൾ നിർമ്മിച്ച് കളവായി ഇന്പുട് ടാക്സ് ക്രെഡിറ്റ് എടുത്ത് കോടികളുടെ നികുതി വെട്ടിപ്പിന് നേതൃത്ത്വം നൽകിയ മലപ്പുറം ജില്ലയിലെ അയിലക്കാട് സ്വദേശിയായ യുവാവിനെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് തൃശൂർ വിങ് തൃശ്ശൂരിൽ വച്ച് അറസ്റ്റ് ചെയ്തു.

ജി.എസ്.ടി നിലവിൽ വന്നതിനു ശേഷം കേരളത്തിൽ നടന്ന വൻ നികുതി വെട്ടിപ്പ് കേസുകളിൽ ഒന്നിലാണ് പ്രധാന പ്രതി അറസ്റ്റിലായിരിക്കുന്നത് . ഈ കേസുമായി ബന്ധപ്പെട്ട പാലക്കാട്, മലപ്പുറം, തൃശൂർ ജില്ലകളിൽ കഴിഞ്ഞ മാസം നികുതി വെട്ടിപ്പ് നടത്തിയവരുടെ വീടുകളിലും സ്ഥാപനങ്ങളിലും പരിശോധന നടത്തുകയും നിരവധി പേരെ ചോദ്യം ചെയ്യുകയും തെളിവുകൾ ശേഖരിക്കുകയും ചെയ്തിരുന്നു.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ബിനാമി പേരുകളിൽ ജി.എസ്.ടി രെജിസ്ട്രേഷൻ എടുത്ത് പാലക്കാട്, മലപ്പുറം, കാസർഗോഡ്, തൃശ്ശൂർ എന്നീ ജില്ലകൾ കേന്ദ്രീകരിച്ചാണ് പ്രതിയുടെ നേതൃത്വത്തിൽ നികുതി വെട്ടിപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. പ്രസ്തുത കുറ്റകൃത്യം ജി .എസ് . ടി നിയമം 132 വകുപ്പ് പ്രകാരം ജാമ്യം ലഭിക്കാത്തതാണ് .

എറണാകുളം ഇൻവെസ്റ്റിഗേഷൻ വിഭാഗം ഡെപ്യൂട്ടി കമ്മിഷണർ ജോൺസൻ ചാക്കോ, തൃശ്ശൂർ (ഐ .ബി ) വിഭാഗം ഇന്റലിജൻസ് ഓഫീസർ ജ്യോതിലക്ഷ്മി എന്നിവരുടെ നേതൃത്വത്തിൽ സംസ്ഥാന ചരക്ക് സേവന നികുതി നിയമം സെക്ഷൻ 69 പ്രകാരമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർമാരായ ഫ്രാൻസിസ് , ഗോപൻ, ഉല്ലാസ് ,അഞ്ജന, ഷീല, ഷക്കീല, മെറീന എന്നിവരും അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നു.

Sd/-

COMMISSIONER